# ആരോഗ്യ കേരളം

SEPTEMBER 2023

follow us on /arogyakeralam https://arogyakeralam.gov.in


### രാജ്യത്ത് ആദ്യമായി ബ്ലോക്ക് തല എ.എം.ആർ. കമ്മിറ്റികൾക്ക് മാർഗരേഖ

# ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികൾ യാഥാർത്ഥ്യത്തിലേക്ക്

- ആന്റിബയോട്ടിക്കുകൾ കുറയ്ക്കുന്നതിന് കുറിപ്പടികൾ ഓഡിറ്റ് ചെയ്യും
- സമഗ്ര പ്രവർത്തന മാർഗരേഖ പുറത്തിറങ്ങി



**തിരുവനന്തപുരം:** സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യ ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. പുറത്തിറക്കയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ബ്ലോക്ക് തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗരേഖയാണ് പുറത്തിറക്കിയത്. ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കാൻ ബ്ലോക്ക് തല എ.എം.ആർ. കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനമാണ്. പ്രധാന സ്വകാര്യ ആശുപത്രികളെക്കൂടി കാർസാപ് (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) നെറ്റുവർക്കിന്റെ ഭാഗമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ബ്ലോക്ക് മെഡിക്കൽ ഓഫീസർ ചെയർമാനായുള്ള ബ്ലോക്കുതല എ.എം.ആർ. കമ്മിറ്റിയിൽ ആരോഗ്യ വകുപ്പ്, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, അക്വാകൾച്ചർ, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം തുടങ്ങിയ വകുപ്പുകളിലേയും ഐ.എം.എ, ഐ.എ.പി, എ.പി.ഐ, എ.എഫ്.പി.ഐ തുടങ്ങിയവയിലേയും പ്രതിനിധികളുണ്ടാകും.

ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കും സ്ഥാപനങ്ങൾക്കും ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗത്തെ കുറിച്ചും അണുബാധനിയന്ത്രണ രീതികളെ കുറിച്ചും സാർവത്രിക അവബോധം നൽകുക എന്നതാണ് ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ പ്രധാന ലക്ഷ്യം. അംഗീകൃത മെഡിക്കൽ ഓഫീസറുടെ കുറിപ്പടിക്കനുസൃതമായി മാത്രം ആന്റിബയോട്ടിക്കുകൾ കഴിക്കുക, ആന്റിബയോട്ടിക് രഹിത ഭക്ഷണവും വെള്ളവും ലഭിക്കേണ്ടതിന്റെ പ്രാധാന്യം, ഉപയോഗിക്കാത്തതും കാലഹരണപ്പെട്ടതുമായ ആന്റിബയോട്ടിക്കുകൾ, മരുന്നുകൾ സുരക്ഷിതമായി നീക്കം ചെയ്യേണ്ടതിന്റെ പ്രാധാന്യം എന്നിവയിൽ അവബോധം നൽകേണ്ടതാണ്.

> **ആന്റിബയോട്ടിക് സാക്ഷരത കൈവരിക്കാൻ ബ്ലോക്ക്തല എ.എം.ആർ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വളരെ പ്രധാനമാണ്.**



# മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 ഒന്നാം ഘട്ടം വിജയം


### 75% കുട്ടികൾക്കും 98% ഗർഭിണികൾക്കും വാക്സിൻ നൽകി



തിരുവനന്തപുരം: മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 ഒന്നാം ഘട്ടത്തിൽ 75 ശതമാനത്തിലധികം കുട്ടികൾക്കും 98 ശതമാനത്തിലധികം ഗർഭിണികൾക്കും വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് 18,744 ഗർഭിണികളെയും 5 വയസ് വരെയുള്ള 1,16,589 കുട്ടികളെയുമാണ് പൂർണമായോ ഭാഗികമായോ വാക്സിൻ എടുക്കാത്തതായി കണ്ടെത്തിയിരുന്നത്. അതിൽ 18,389 ഗർഭിണികൾക്കും 87,359 അഞ്ച് വയസ് വരെയുള്ള കുട്ടികൾക്കുമാണ് വാക്സിൻ നൽകിയത്. ഒന്നാംഘട്ടം കഴിഞ്ഞെങ്കിലും പലതരത്തിലുള്ള അസൗകര്യം കാരണം വാക്സിൻ എടുക്കാൻ വിട്ടുപോയിട്ടുള്ളർക്ക് നിശ്ചിത ദിവസങ്ങളിൽ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും വാക്സിൻ എടുക്കാൻ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി.

പരിശീലനം ലഭിച്ച 4171 ജെ.പി.എച്ച്.എൻമാരാണ് വാക്സിൻ നൽകിയത്. 10,567 സെഷനുകളായാണ് ഒന്നാം ഘട്ട പ്രവർത്തനം നടത്തിയത്. കൂടാതെ മെഡിക്കൽ ടീം വീടുകൾ സന്ദർശിച്ചും അവബോധം നൽകി. തിരുവനന്തപുരം 9753, കൊല്ലം 3607, ആലപ്പുഴ 3437, പത്തനംതിട്ട 2189, കോട്ടയം 3096, ഇടുക്കി 700, എറണാകുളം 5055, തൃശൂർ 9712, പാലക്കാട് 11810, മലപ്പുറം 14188, കോഴിക്കോട് 10034, വയനാട് 2893, കണ്ണൂർ 5775, കാസർഗോഡ് 5110 എന്നിങ്ങനെയാണ് 5 വയസിന് താഴെ പ്രായമുള്ള കുട്ടികൾ വാക്സിൻ സ്വീകരിച്ചത്. തിരുവനന്തപുരം 2232, കൊല്ലം 1554, ആലപ്പുഴ 701, പത്തനംതിട്ട 449, കോട്ടയം 679, ഇടുക്കി 175, എറണാകുളം 1705, തൃശൂർ 2962, പാലക്കാട് 2271, മലപ്പുറം 1069, കോഴിക്കോട് 2176, വയനാട് 951, കണ്ണൂർ 566, കാസർഗോഡ് 899 എന്നിങ്ങനെയാണ് ഗർഭിണികൾ വാക്സിൻ സ്വീകരിച്ചത്.

രണ്ടാം ഘട്ടം സെപ്റ്റംബർ 11 മുതൽ 16 വരെയും മൂന്നാം ഘട്ടം ഒക്ടോബർ 9 മുതൽ 14 വരെയുമാണ്. ഓരോ ഘട്ടത്തിലും സാധാരണ വാക്സിനേഷൻ നൽകുന്ന ദിവസങ്ങൾ ഉൾപ്പെടെ ആറ് ദിവസങ്ങളിലാണ് പരിപാടി നടത്തുന്നത്. ഞായറാഴ്ചയും പൊതു അവധി ദിവസങ്ങളും ഒഴിവാക്കിയിട്ടുണ്ട്. രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെയാണ് പരിപാടിയുടെ സമയക്രമം. ദേശീയ വാക്സിനേഷൻ പട്ടിക പ്രകാരം വാക്സിൻ എടുക്കുവാൻ വിട്ടുപോയിട്ടുള്ള ഗർഭിണികളും 5 വയസ് വരെ പ്രായമുള്ള എല്ലാ കുട്ടികളും വാക്സിൻ സ്വീകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.



# സംസ്ഥാന ഡോക്ടേഴ്സ് അവാർഡ് പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** സംസ്ഥാന ബെസ്റ്റ് ഡോക്ടേഴ്സ് അവാർഡ് 2022 ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. ഹെൽത്ത് സർവീസ് വിഭാഗത്തിൽ കണ്ണൂർ, മാട്ടൂൽ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. അനൂപ് സി.ഒ., മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ ആലപ്പുഴ ഗവ. മെഡിക്കൽ കോളേജ് നെഫ്രോളജി വിഭാഗം പ്രൊഫസർ ഡോ. ഗോമതി എസ്., ഇൻഷുറൻസ് മെഡിക്കൽ സർവീസ് മേഖലയിൽ പാലക്കാട് ഇ.എസ്.ഐ. ആശുപത്രി ഫിസിഷ്യൻ ഡോ. ജയശ്രീ എസ്., ദന്തൽ മേഖലയിൽ കോഴിക്കോട് വടകര ജില്ലാ ആശുപത്രി ജൂനിയർ കൺസൾട്ടന്റ് (ദന്തൽ) ഡോ. സജു എൻ.എസ്., സ്വകാര്യമേഖലയിൽ പെരിന്തൽമണ്ണ മൗലാന ഹോസ്പിറ്റൽ അനസ്തേഷ്യാ വിഭാഗം കൺസൾട്ടന്റ് ഡോ. ശശിധരൻ പി. എന്നിവരേയാണ് ഡോക്ടേഴ്സ് അവാർഡിനായി തെരഞ്ഞെടുത്തത്. 15,000 രൂപ ക്യാഷ് അവാർഡും പ്രശസ്തിപത്രവുമാണ് അവാർഡ്. മുൻവർഷത്തെക്കാൾ അവാർഡ് തുക വർധിപ്പിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണായ സംസ്ഥാന തല അവാർഡ് കമ്മിറ്റിയാണ് അവാർഡ് നിർണയം നടത്തിയത്. കോവിഡ് സാഹചര്യത്തിൽ മുൻ വർഷങ്ങളിൽ ഡോക്ടർമാർക്ക് അവാർഡ് നൽകിയിരുന്നില്ല. ഇത്തവണത്തെ ഡോക്ടേഴ്സ് അവാർഡ് നിർണയം നടത്തിയത് പുതുക്കിയ മാർഗരേഖയനുസരിച്ചാണ്.

# ആയുഷ് മേഖലയിലെ പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ അംഗീകരിക്കുന്നതിൽ അഭിമാനം: മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം**: കേരളത്തിലെ ആയുഷ് മേഖലയിലെ പ്രവർത്തനങ്ങൾ ദേശീയ തലത്തിൽ അംഗീകരിക്കുന്നു എന്നുള്ളത് അഭിമാനമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആയുഷ് മേഖലയ്ക്ക് ഈ സർക്കാർ വലിയ പ്രാധാന്യം നൽകിയാണ് മുന്നോട്ട് പോകുന്നുത്. കേരളത്തെ ഹെൽത്ത് ഹബ്ബാക്കാനാണ് ശ്രമിക്കുന്നത്. ഇതിന് പ്രചോദനമായ പ്രവർത്തനങ്ങളാണ് ആയുഷ് വകുപ്പ് നടത്തുന്നത്. സർക്കാർ മേഖലയേയും സ്വകാര്യ മേഖലയേയും കോർത്തിണക്കി മുന്നോട്ടു പോകുമെന്നും മന്ത്രി വ്യക്തമാക്കി. ആയുഷ് മേഖലയെപ്പറ്റി ജനങ്ങൾക്ക് അടുത്തറിയാനായുള്ള പുതിയ വെബ്സൈറ്റിന്റേയും പ്രസിദ്ധീകണങ്ങളുടേയും പ്രകാശനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാന ആയുഷ് വകുപ്പിന് കീഴിൽ ഒരു കേന്ദ്രീകൃത ഐ.ഇ.സി വിങ്ങ് സജ്ജമാക്കിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. അതിൽ പ്രമുഖമായ ഒന്ന് ആശാ പ്രവർത്തകർക്കായുള്ള പരിശീലന കൈപ്പുസ്തകം ആണ്. സംസ്ഥാനത്ത് നിലവിൽ 520 'ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങൾ' പ്രവർത്തിച്ചു വരുന്നു. നടപ്പുവർഷം പുതിയ 80 കേന്ദ്രങ്ങൾ കൂടി ഇത്തരത്തിൽ നവീകരിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ വഴി, മാതൃ - ശിശു ആരോഗ്യം, സമഗ്ര കൗമാരാരോഗ്യം, ക്രിയാത്മകമായ വാർദ്ധക്യം, എന്നിവയെ ലക്ഷ്യമാക്കി പ്രത്യേകമായ സേവനങ്ങൾ ആയുഷ് സമ്പ്രദായങ്ങൾ മുഖേന നൽകുവാൻ പദ്ധതിയിട്ടിരിക്കുന്നു. ഈ സ്ഥാപനങ്ങൾ വഴി സാമൂഹ്യതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾക്കായി ഓരോ കേന്ദ്രത്തിലും നിലവിലുള്ള 5 ആശമാരെ നിയോഗിച്ചിട്ടുണ്ട്. അത്തരത്തിൽ നിയോഗിച്ച ആശമാർക്ക് ആയുഷ് ചികിത്സാ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട് നൽകുന്ന പരിശീലനത്തിനുള്ള മൊഡ്യൂളാണ് 'ആയുഷ് ആശ കൈപുസ്തകം'. രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിൽ ഒരു ആധികാരിക കൈപ്പുസ്തകം തയ്യാറാക്കുന്നത്.

സംസ്ഥാന ആയുഷിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനാണ് വളരെ പ്രസക്തവും ആധികാരികവുമായ ഒരു വെബ്സൈറ്റ് ആയുഷ് മിഷൻ സജ്ജമാക്കിയിരിക്കുന്നത്. കേരളത്തിലെ സവിശേഷമായ ആയുർവേദവും ഹോമിയോപ്പതിയും യോഗയും സിദ്ധയും യുനാനിയും അടങ്ങുന്ന ആയുഷ് ചികിത്സകളുടെ പെരുമ ലോകശ്രദ്ധ ഏറ്റുവാങ്ങുന്ന ഈ കാലഘട്ടത്തിൽ, പ്രസ്തുത വെബ്സൈറ്റ് കേരളത്തിൽ നടക്കുന്ന സവിശേഷവും നൂതനവുമായ എല്ലാ ആയുഷ് പ്രവർത്തനങ്ങളിലേക്കും തുറക്കുന്ന ഒരു ജാലകമായി പൊതുജനങ്ങളുടെ മുന്നിൽ ഉണ്ടാകും.

കേരളത്തിലെ വിവിധ ആയുഷ് ചികിത്സാ വിജയ വീഥികളെപ്പറ്റിയും ആശയങ്ങളെപ്പറ്റിയും മറ്റുമുള്ള സമഗ്രവിവരങ്ങൾ 'സ്വാസ്ഥ്യ' മാസികയിലെ ലേഖനങ്ങളിലൂടെ ലോകമെമ്പാടും എത്തിക്കുവാൻ സാധിക്കും.

സംസ്ഥാനത്തിന്റെ ആയുഷ് വിജയ മാതൃകകളായ, ജനനി, സ്പോർട്സ് ആയുർവേദ, ആയുഷ് യോഗാ ക്ലബ്ബുകൾ തുടങ്ങിയ വിവിധങ്ങളായ പദ്ധതികളെ ലോകത്തിനുമുന്നിൽ പരിചയപ്പെടുത്തുന്നതാണ് അവബോധ വീഡിയോകൾ.

കർക്കിടകത്തിലെ ആരോഗ്യ സംരക്ഷണത്തിനെ കുറിച്ചുള്ള അറിവ് നൽകുവാനും നാഷണൽ ആയുഷ് മിഷനു കീഴിൽ പ്രവർത്തിക്കുന്ന ആയുഷ് ഗ്രാമം പദ്ധതിയിലെ കേരളമെമ്പാടുമുള്ള ഡോക്ടർമാരുടെ ലേഖനങ്ങളുടെ ഒരു സമാഹാരമാണ് 'അറിയാം കർക്കിടകത്തിലെ ആരോഗ്യം' എന്ന പുസ്തകം.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ്, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു, ഹോമിയോപ്പതി ഡയറക്ടർ ഡോ. എം.എൻ. വിജയാംബിക, ഐ.എസ്.എം. ഡയറക്ടർ ഡോ. കെ.എസ്. പ്രിയ,

> സംസ്ഥാന ആയുഷ് വകുപ്പിന് കീഴിൽ ഒരു കേന്ദ്രീകൃത ഐ.ഇ.സി വിങ്ങ് സജ്ജമാക്കിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. അതിൽ പ്രമുഖമായ ഒന്ന് ആശാ പ്രവർത്തകർക്കായുള്ള പരിശീലന കൈപ്പുസ്തകം ആണ്.

എൻ.എച്ച്.എം. സോഷ്യൽ ഹെഡ് സീന, ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, ഹോമിയോപ്പതി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ. എ.എസ്. ഷീല, പ്രോഗ്രാം മാനേജർമാരായ ഡോ. പി.ആർ. സജി, ഡോ. ജയനാരായണൻ എന്നിവർ പങ്കെടുത്തു.

# കാൻസർ മരുന്നുകൾ പരമാവധി വില കുറച്ച് നൽകാൻ സർക്കാർ ശ്രമം നടത്തുകയാണ്: മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം**: കാൻസർ മരുന്നുകൾ പരമാവധി വില കുറച്ച് നൽകാൻ സർക്കാർ ശ്രമം നടത്തുകയാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സർക്കാർ നയത്തിന്റെ കൂടി ഭാഗമാണതെന്ന് മന്ത്രി പറഞ്ഞു. ആർ.സി.സിയിൽ ഹൈടെക് ഉപകരണങ്ങളുടെ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. അതിനൂതന സാങ്കേതിക സൗകര്യങ്ങളുള്ള 3 ടെസ്ല എം.ആർ.ഐ. യൂണിറ്റിന്റെയും 3 ഡി ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റിന്റെയും ഉദ്ഘാടനം മന്ത്രി വീണാ ജോർജും, അനെർട്ടിന്റെ സഹായത്തോടെ സജ്ജീകരിച്ചിരിക്കുന്ന സൗരോർജ്ജ ശീതീകരണ സംഭരണി, ജലശുദ്ധീകരണി എന്നിവയുടെ ഉദ്ഘാടനം വൈദ്യുതിവകുപ്പ്മന്ത്രികെ.കൃഷ്ണൻകുട്ടിയുമാണ് നിർവഹിച്ചത്.

സർക്കാരിന്റെ നവ കേരളം കർമ്മപദ്ധതി പദ്ധതി രണ്ട് ആർദ്രം മിഷന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് കാൻസർ ചികിത്സയും പ്രതിരോധവും. കാൻസർ നേരത്തെ കണ്ടുപിടിക്കുക, പ്രാരംഭത്തിൽ തന്നെ ചികിത്സിക്കുക, മികച്ച ചികിത്സയ്ക്കായി ആധുനിക ചികിത്സാ സങ്കേതങ്ങൾ ഉണ്ടാകുക എന്നത്. ജില്ലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാ കാൻസർ കെയർ ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളേയും കാൻസറിനേയും നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിനായി ഈ സർക്കാർ ആർദ്രം ജീവിത ശൈലി രോഗനിർണയ ക്യാമ്പയിൻ ആരംഭിച്ചു. ഇതിലൂടെ 1.45 കോടി പേരെ സ്ക്രീൻ ചെയ്യാൻ സാധിച്ചു. പ്രാഥമികമായ വിവരങ്ങൾ ശേഖരിച്ച് ആവശ്യമായവർക്ക് പരിശോധനയും ചികിത്സയും ഉറപ്പ് വരുത്തുന്നു. കാൻസർ ബാധിച്ചവർക്ക് ചികിത്സ ഉറപ്പാക്കാനായി 14 ജില്ലകളിലും കാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്. ക്യാൻസർ ഡേറ്റ രജിസ്ട്രി ആരംഭിച്ചു.

കാൻസർ രോഗമുണ്ടെങ്കിൽ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനായി ജനപങ്കാളത്തോടെ വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റീജിയണൽ കാൻസർ സെന്റർ ആധുനിക രീതിയിൽ ശാസ്ത്രീയമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായാണ് ആർ.സി.സി.യിൽ പുതിയ ചികിത്സാ സംവിധാനങ്ങളൊരുക്കുന്നത്.

കേരളത്തിൽ സ്തനാർബുദം വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രാരംഭദശയിൽതന്നെ രോഗം കണ്ടുപിടിക്കുന്നതിനുള്ള കൂടുതൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഈ അത്യാധുനിക ഡിജിറ്റൽ മാമോഗ്രഫി യൂണിറ്റ് ആർ.സി.സിയിൽ സജ്ജമാക്കിയിട്ടുള്ളത്. കൂടുതൽ സൂക്ഷ്മതയോടെയും വ്യക്തതയോടെയും വേഗത്തിലും സ്തനാർബുദം കണ്ടെത്താനുള്ള ഈ ഉപകരണത്തിന് 2.5 കോടി രൂപയാണ് ചെലവ്. ബയോപ്സിക്കുകൂടി സൗകര്യമുള്ള ഇത്തരമൊരു മാമോഗ്രഫി യൂണിറ്റ് കേരളത്തിൽ ആദ്യമായാണ് സ്ഥാപിച്ചിരിക്കുന്നത്.

അതിനൂതന സാങ്കേതിക സൗകര്യങ്ങളുള്ള രോഗീ സൗഹൃദ 3 ടെസ്ല എം.ആർ.ഐ യൂണിറ്റാണ് ആർ.സി.സിയിൽ സജ്ജമാക്കിയിരിക്കുന്നത്. 19.5 കോടി രൂപയാണ് ഈ മെഷീൻ സ്ഥാപിക്കാൻ ചെലവായിട്ടുള്ളത്. സാധാരണ എം.ആർ.ഐ യൂണിറ്റിനെക്കാൾ വേഗത്തിൽ കൂടുതൽ ചിത്രങ്ങൾ എടുത്ത് വിശകലനം നടത്തി രോഗ നിർണയം നടത്താനുള്ള ഹൈടെക് സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. സ്തനാർബുദ നിർണയത്തിനുള്ള ബ്രസ്റ്റ്കോയിൽ, പ്രോസ്റ്റേറ്റ് കാൻസർ നിർണയത്തിനുള്ള പ്രത്യേക സംവിധാനം എന്നിവയും ഈ യൂണിറ്റിൽ ഉണ്ട്.

ഗ്രീൻ പ്രോട്ടോകോൾ പ്രകാരം എനർജി ഓഡിറ്റ് നടത്തി പൂർണമായി സർക്കാർ ആശുപത്രികളെ സൗരോർജത്തിലേക്ക് മാറാനാണ് ശ്രമിച്ച് വരുന്നത്. ആശുപത്രികളിലെ വൈദ്യുതി ചാർജ് വളരെയേറെ കുറയ്ക്കാൻ സാധിക്കും. പൂർണമായും സോളാർ ഊർജത്തിൽ പ്രവർത്തിക്കുന്ന ആശുപത്രിയായി ആർസിസിയെ മാറ്റുകയാണ് ലക്ഷ്യമെന്നും മന്ത്രി വീണാ ജോർജ് പറഞ്ഞു.

> ഇതിലൂടെ 1.45 കോടി പേരെ സ്ക്രീൻ ചെയ്യാൻ സാധിച്ചു.

കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആർ.സി.സി ഡയറക്ടർ ഡോ. രേഖ എ. നായർ, അനെർട്ട് സി.ഇ.ഒ. നരേന്ദ്രനാഥ് വേലൂരി, കൗൺസിലർ ഡി.ആർ. അനിൽ, ആർ.സി.സി. അഡീഷണൽ ഡയറക്ടർ ഡോ. എ. സജീദ് എന്നിവർ പങ്കെടുത്തു.

# പൂജപ്പുര സർക്കാർ പഞ്ചകർമ്മ ആശുപത്രി അന്താരാഷ്ട്ര നിലവാരത്തിലേക്ക്

### മന്ത്രി വീണാ ജോർജ് സ്ഥലം സന്ദർശിച്ചു




**തിരുവനന്തപുരം**: തിരുവനന്തപുരം പൂജപ്പുര സർക്കാർ പഞ്ചകർമ്മ ആശുപത്രിയെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സ്വാസ്ഥ്യ കേന്ദ്രമാക്കി ഉയർത്തുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കേരളത്തിന്റെ അഭിമാനമായ ആധികാരിക ആയുർവേദ പഞ്ചകർമ്മം ഉൾപ്പെടെയുള്ള സ്വാസ്ഥ്യ ചികിത്സാ വിധികൾ ലോകത്തിനു മുന്നിൽ എടുത്തുകാട്ടുവാൻ ഉതകുന്ന തരത്തിൽ സർക്കാർ മേൽനോട്ടത്തിലുള്ള പ്രത്യേക കേന്ദ്രമാണ് പദ്ധതിയിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. പൂജപ്പുര സർക്കാർ പഞ്ചകർമ്മ ആശുപത്രിയിലെ നിർദിഷ്ട സ്ഥലം സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

അൻപതോളം പേർക്ക് ഒരേസമയം ചികിത്സതേടാവുന്ന രീതിയിൽ, നവീനവും സുസജ്ജവുമായ ചികിത്സാ മുറികളും താമസ സൗകര്യവുമുണ്ടാകും. കേരളീയ തനിമയിലുള്ള കെട്ടിട നിർമിതിയും ഭൂപ്രകൃതി നവീകരണവുമാണ് നടത്തുക. മികച്ച യോഗാ സെന്റർ, വിപുലമായ ഔഷധസസ്യ ഉദ്യാനം, ഔഷധ ആഹാരക്രമം എന്നിവയെല്ലാം സമന്വയിപിച്ച് ആയുർവേദത്തിന്റെ കേരളപെരുമ ലോകജനതയ്ക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വെക്കുന്നത്.

തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിന്റെ അനക്സായ പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയെ നാഷണൽ ആയുഷ് മിഷന്റെ സഹകരത്തോടെയാണ് നവീകരിക്കുന്നത്. വരും വർഷം തന്നെ ഈ കേന്ദ്രത്തിന്റെ പ്രവർത്തി പൂർത്തീകരിക്കുന്ന വിധമാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ഡി. സജിത് ബാബു, ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ഡോ. ടി.ഡി. ശ്രീകുമാർ, ആയുർവേദ കോളേജ് പ്രിൻസിപ്പൽ ഡോ. ആർ. രാജം, പ്രോഗ്രാം മാനേജർ ഡോ. ആർ. ജയനാരായണൻ എന്നിവർ മന്ത്രിയോടൊപ്പമുണ്ടായിരുന്നു.



# പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും സെപ്റ്റംബറോടെ മാതൃയാനം പദ്ധതി: മന്ത്രി വീണാ ജോർജ്

■ പ്രസവശേഷം അമ്മയേയും കുഞ്ഞിനേയും വീട്ടിലെത്തിക്കുന്ന പദ്ധതി എസ്.എ.ടി.യിലും ■ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും



**തിരുവനന്തപുരം:** പ്രസവശേഷം അമ്മയേയും കുഞ്ഞിനേയും സൗജന്യമായി വാഹനത്തിൽ വീട്ടിലെത്തിക്കുന്ന മാതൃയാനം പദ്ധതി സെപ്റ്റംബർ മാസത്തോടെ പ്രസവം നടക്കുന്ന എല്ലാ സർക്കാർആശുപത്രികളിലുംയാഥാർത്ഥ്യമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നിലവിൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിൽ പ്രസവം നടക്കുന്ന മുഴുവൻ സർക്കാർ ആശുപത്രികളിലും പദ്ധതി യാഥാർത്ഥ്യമായി. തിരുവനന്തപുരവും, കണ്ണൂരും ഉടൻ യാഥാർത്ഥ്യമാകും. എ.പി.എൽ, ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

പൂർത്തീകരിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. പ്രസവശേഷം അമ്മയേയും കുഞ്ഞിനേയും സൗജന്യമായി വാഹനത്തിൽ വീട്ടിലെത്തിയ്ക്കുന്ന മാതൃയാനം പദ്ധതി തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിലും ആരംഭിക്കുന്നു. എസ്.എ.ടി.യിൽ മാതൃയാനം പദ്ധതിയുടെ ട്രയൽ റൺ ആരംഭിച്ചു. 28 വാഹനങ്ങളാണ് പദ്ധതിക്കായി എസ്.എ.ടി. ആശുപത്രിയിൽ സജ്ജമാക്കിയിരിക്കുന്നത്.

പ്രതിവർഷം പതിനായിരത്തോളം പ്രസവങ്ങളാണ് എസ്.എ.ടി. ആശുപത്രിയിൽ നടക്കുന്നത്. സംസ്ഥാനത്ത് ഏറ്റവുമധികം പ്രസവം നടക്കുന്ന ആശുപത്രികളിലൊന്നായ എസ്.എ.ടി.യിൽ ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ അനേകായിരം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കും. തിരുവനന്തപുരത്തിന് പുറമേ മറ്റ് ജില്ലകളിൽ നിന്നും വിദഗ്ധ പ്രസവ ചികിത്സയ്ക്കായി എസ്.എ.ടി.യിൽ എത്തുന്നുണ്ട്. വീട്ടിലേയ്ക്കുള്ള ദീർഘദൂര യാത്രയ്ക്ക് വളരെയധികം തുക ചെലവാകാറുണ്ട്. പലർക്കും ഇത് താങ്ങാനാവില്ല. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ എല്ലാവർക്കും ഏറെ സഹായകരമാകും.

# ജനറൽ ആശുപത്രിയിൽ മന്ത്രി വീണാ ജോർജിന്റെ അപ്രതീക്ഷിത സന്ദർശനം

96 പേർ ആരോരുമില്ലാതെ പുനരധിവാസം കാത്ത് ജീവിക്കുന്നവർ; 15 പേരെ കുമ്പനാട് ഗിൽഗാൽ ഏറ്റെടുക്കും



**തിരുവനന്തപുരം:** ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അപ്രതീക്ഷിത സന്ദർശനം നടത്തി. 1, 9 വാർഡുകൾ, ഐസിയുകൾ, സ്ട്രോക്ക് യൂണിറ്റ് എന്നിവ സന്ദർശിച്ചു. ചികിത്സിച്ച് ഭേദമായ ശേഷവും ഏറ്റെടുക്കാൻ ആരുമില്ലാതെ 96 പേരാണ് ജനറൽ ആശുപത്രിയിൽ കഴിയുന്നത്. പത്തനംതിട്ട കുമ്പനാട് ഗിൽഗാലിനോട് മന്ത്രി ആവശ്യപ്പെട്ട പ്രകാരം 15 പേരെ ഏറ്റെടുക്കാൻ തയ്യാറായി. ബാക്കിയുള്ളവർ പുനരധിവാസം കാത്ത് കഴിയുകയാണ്. രോഗികളുമായും കൂട്ടിരിപ്പുകാരുമായും ജീവനക്കാരുമായും മന്ത്രി ആശയവിനിമയം നടത്തി


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**കെ ജീവൻ ബാബു ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
**വർഷ ജയപ്രകാശ്**
ജെ സി (ഡിഃസി), തിരുവനന്തപുരം
**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ്, ആലപ്പുഴ
**ജിജിൽ മാത്യു**
കൺസൾട്ടന്റ്(ഡിഃസി), ഇടുക്കി
**പ്രീത എം**
ജെ സി(ഡിഃസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഃസി), മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്(ഡിഃസി), കോഴിക്കോട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഃസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഃസി), കാസർഗോഡ്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്


# ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കാൻ പ്രത്യേക പരിശോധന

ഓണക്കാല പരിശോധനകൾക്കായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു



**തിരുവനന്തപുരം:** ഓണക്കാലത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും, സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഓണക്കാല പരിശോധനയ്ക്കായി പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഏകോപനത്തിൽ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ പരിശോധനകൾക്ക് നേതൃത്വം നൽകും. ഓണക്കാലത്ത് അധികമായി വാങ്ങി ഉപയോഗിക്കുന്ന പാൽ, ഭക്ഷ്യ എണ്ണകൾ, പപ്പടം, ശർക്കര, പായസം മിക്സ്, നെയ്യ്, പച്ചക്കറികൾ, പഴങ്ങൾ, പരിപ്പുവർഗങ്ങൾ, മത്സ്യം, മാംസം തുടങ്ങിയവയുടെ വിതരണ കേന്ദ്രങ്ങളിലും, ഹോട്ടൽ, ബേക്കറി, തട്ടുകടകൾ എന്നിവടങ്ങളിലും ചെക്ക് പോസ്റ്റുകളിലും പരിശോധനയുണ്ടാകും. എല്ലാ സ്ഥാപനങ്ങളും ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

എല്ലാ സ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ ലൈസൻസ് ഉറപ്പാക്കേണ്ടതാണ്. ലേബൽ വിവരങ്ങൾ പൂർണമായിട്ടല്ലാതെ വില്പനയ്ക്ക് വെച്ചിരിക്കുന്ന ഭക്ഷ്യവസ്തുക്കളും പരിശോധനക്ക് വിധേയമാക്കും. നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം അനുസരിച്ച് നിയമനടപടികൾ കൈക്കൊള്ളുമെന്ന് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ അറിയിച്ചു.

വ്യാപാരികൾ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കേണ്ടതും ഉപഭോക്താക്കൾ കാണുന്ന വിധം സ്ഥാപനത്തിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ വിൽപനക്കായി സ്ഥാപനത്തിൽ സൂക്ഷിക്കുകയോ, വിൽപന നടത്തുകയോ ചെയ്യരുത്. പായ്ക്ക് ചെയ്ത ഭക്ഷണസാധനങ്ങൾ നിയമാനുസൃതമായ ലേബൽ വ്യവസ്ഥകളോടെ മാത്രമേ വിൽക്കാൻ പാടുള്ളൂ. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളും, വ്യക്തികളും ശുചിത്വ ശീലങ്ങൾ കർശനമായും പാലിച്ചിരിക്കണം.

ഉപഭോക്താക്കൾക്ക് ഭക്ഷണത്തിന്റെ സുരക്ഷയെക്കുറിച്ച് പരാതിയുണ്ടെങ്കിൽ 1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാം. ഇതുകൂടാതെ https://www.eatright.foodsafety.kerala.gov.in/ എന്ന പോർട്ടൽ മുഖേനയും പരാതി നൽകാം

# ഓപ്പറേഷൻ ഫോസ്കോസ് ലൈസൻസ് ഡ്രൈവ്: 4463 റെക്കോർഡ് പരിശോധന

ലൈസൻസില്ലാത്ത 929 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ നടപടി



**തിരുവനന്തപുരം:** ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടന്ന ഓപ്പറേഷൻ ഫോസ്കോസ് (FOSCOS) ലൈസൻസ് ഡ്രൈവിന്റെ ഭാഗമായി ഒറ്റ ദിവസം കൊണ്ട് 4463 പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച 929 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കാൻ ഭക്ഷ്യ സുരക്ഷാവകുപ്പ്നടപടികൾസ്വീകരിച്ചു. പരിശോധനയിൽ 458 സ്ഥാപനങ്ങൾ ലൈസൻസിന് പകരം രജിസ്ട്രേഷൻ എടുത്ത് പ്രവർത്തിക്കുന്നതായി കണ്ടതിനാൽ അവർക്ക് ലൈസൻസ് എടുക്കുന്നതിനു വേണ്ടി നോട്ടീസ് നൽകി. കൂടാതെ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിന് 756 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. 112 സ്ക്വാഡുകളാണ് ലൈസൻസ് പരിശോധനയ്ക്ക് സജ്ജമാക്കിയിരിക്കുന്നത്. വരും ദിവസങ്ങളിലും ലൈസൻസ് പരിശോധന തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം 612, കൊല്ലം 487, പത്തനംതിട്ട 251, ആലപ്പുഴ 414, കോട്ടയം 252, ഇടുക്കി 103, തൃശൂർ 276, പാലക്കാട് 344, മലപ്പുറം 586, കോഴിക്കോട് 573, വയനാട് 150, കണ്ണൂർ 281, കാസർഗോഡ് 134 എന്നിങ്ങനെയാണ് പരിശോധന നടത്തിയത്. എറണാകുളം ഒഴുകിയുള്ള മറ്റു ജില്ലകളിലാണ് ഇന്ന് പരിശോധനകൾ നടത്തിയത്. എറണാകുളം ജില്ലയിലെ പരിശോധനകൾ ആഗസ്റ്റ് 2, 3 തീയതികളിലായി നടത്തുന്നതായിരിക്കും.

ഭക്ഷണം വിൽപന നടത്തുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തു മാത്രമേ പ്രവർത്തനം നടത്താൻ പാടുള്ളൂ എന്ന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരവധി തവണ അഭ്യർത്ഥിച്ചിരുന്നു. ഇതൊരു നിയമപ്രകാരമുള്ള ബാധ്യത ആയിരുന്നിട്ട് കൂടി ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിക്കാത്തത് കൊണ്ടാണ് ഭക്ഷ്യ സുരക്ഷാ വകുപ്പ് കർശന നടപടിയിലേക്ക് നീങ്ങിയത്. ഈ സ്ഥാപനങ്ങൾ ലൈസൻസ് നേടുകയോ നിയമപരമായി ലൈസൻസിന് പൂർണമായ അപേക്ഷ സമർപ്പിച്ചു മാത്രമേ തുറന്നു കൊടുക്കാൻ നടപടികൾ സ്വീകരിക്കുകയുള്ളൂ. ഭക്ഷ്യ സുരക്ഷാ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ വളരെ വേഗതയിൽ തീരുമാനമെടുക്കുന്നതിന് മന്ത്രി നിർദേശം നൽകിയിട്ടുണ്ട്



# മെഡിക്കൽ കോളേജ് ക്യാമ്പസുകളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ മിന്നൽ പരിശോധന

സർക്കാർ സ്വകാര്യ മെഡിക്കൽ കോളേജുകളിലായി 102 പരിശോധനകൾ




**സംസ്ഥാനത്തെ** മെഡിക്കൽകോളേജ് ക്യാമ്പസുകളിൽ പ്രവർത്തിക്കുന്ന കാന്റീനുകളിലും മറ്റ് ഭക്ഷണ വിതരണ കേന്ദ്രങ്ങളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് മിന്നൽ പരിശോധന നടത്തി. കാന്റീനുകളിലും, വിദ്യാർത്ഥികൾക്കുള്ള മെസുകളിലും സുരക്ഷിതമല്ലാത്ത ഭക്ഷണം നൽകുന്നു എന്ന പരാതിയെ തുടർന്ന് ഭക്ഷ്യ സുരക്ഷാ പരിശോധകൾ ശക്തമാക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകിയിരുന്നു.

സംസ്ഥാനത്തെ എല്ലാ സർക്കാർ സ്വകാര്യ മെഡിക്കൽ കോളേജുകളിലുമായി 102 പരിശോധനകളാണ് നടത്തിയത്. പരിശോധനയിൽ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്കുള്ള മെസ് വളരെ വൃത്തിഹീനമായി കണ്ടെത്തിയതിനാൽ പ്രവർത്തനം നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകി. സംസ്ഥാനത്താകെ കാന്റീൻ, മെസ്, തുടങ്ങിയ 22 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. ഏഴ് സ്ഥാപനങ്ങളിൽ നിന്ന് പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകി.

സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ക്യാമ്പസുകളിലെ ചില കാന്റീനുകളും വിദ്യാർത്ഥികളുടെ ഹോസ്റ്റൽ മെസുകളും ഭക്ഷ്യ സുരക്ഷാ മാനദണ്ഡം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ പരിശോധനകൾക്കായി ഭക്ഷണത്തിന്റെ സാമ്പിളുകളും ശേഖരിച്ചിട്ടുണ്ട്.

### മണിയാറൻകുടിയിൽ രാജാവ് നേരിട്ടിറങ്ങി

# ആദിവാസി മേഖലകളിൽ വാക്സിനേഷൻ ശക്തമാക്കി ഇടുക്കി



**ഇടുക്കി:** മിഷൻ ഇന്ദ്രധനുഷ് 5.0 യുടെ ഭാഗമായി ആദിവാസി മേഖലകളിൽ പ്രത്യേക വാക്സിനേഷൻ ക്യാമ്പയിനുമായി ഇടുക്കി ജില്ല. തെക്കേ ഇന്ത്യയിൽ രാജഭരണം നിലനിൽക്കുന്ന ഏക ആദിവാസി മേഖലയായ മണിയാറൻകുടിയിലാണ് ക്യാമ്പയിന് തുടക്കമിട്ടിരിക്കുന്നത്. വാക്സിനേഷൻ ബോധവത്കരണത്തിനായി മണിയാറൻകുടിയിലെ രാജാവായ രാമൻ രാജ മന്നാൻ നേരിട്ട് കുടികളിലെത്തി മാതാപിതാക്കൾക്ക് ബോധവത്കരണം നൽകി. വാക്സിനേഷനെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെപ്പറ്റിയും രാമൻ രാജ മന്നാൻ സംസാരിച്ചു ആരോഗ്യപ്രവർത്തകർക്കൊപ്പം രാജാവ് നേരിട്ട് ജനങ്ങളിലേക്കിറങ്ങിയത് മിഷൻ ഇന്ദ്രധനുഷ് പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജവും കരുത്തും നൽകി.

ആദിവാസി മേഖലകളിലെ എല്ലാ കുട്ടികൾക്കും ഗർഭിണികൾക്കും വാക്സിനേഷൻ ഉറപ്പാക്കുകയാണ് പ്രത്യേക ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ഇടുക്കി ജില്ലാ കളക്ടർ ഷീബ ജോർജ് ഐ.എ.എസാണ് പരിപാടി ഉദ്ഘാടനം നിർവഹിച്ചത്. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എല്ലാ ആദിവാസി മേഖലകളിലും വാക്സിനേഷന്റെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിച്ചു.

### കുട്ടികളിലൂടെ ജീവിതശൈലീ രോഗങ്ങൾക്കെതിരെ ബോധവത്ക്കരണം

# 'ദൃഢഗാത്രം' പദ്ധതിക്ക് മലപ്പുറത്ത് തുടക്കമായി



**മലപ്പുറം:** ജീവിതശൈലി രോഗങ്ങൾക്കെതിരെ കുട്ടികളിലൂടെ ബോധവത്കരണം നടത്തുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത 'ദൃഢഗാത്രം' പദ്ധതിക്ക് മലപ്പുറം ജില്ലയിൽ തുടക്കമായി. പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ജീവിതശൈലിരോഗ നിർണയ ക്യാമ്പും ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു. സ്കൂളിലെ വി എച്ച് എസ് ഇ വിഭാഗം എൻ എസ് എസ് യൂണിറ്റ് പെരിന്തൽമണ്ണ ഗവൺമെന്റ് ജില്ലാ ആശുപത്രി, നാഷണൽ ഹെൽത്ത് മിഷൻ എന്നിവർ സംയുക്തമായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ എൻ.എസ്.എസ് വിഭാഗവുമായി സഹകരിച്ചാണ് 'ദൃഢഗാത്രം' പദ്ധതി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ക്യാമ്പിൽ പൊതുജനങ്ങൾക്കും കുട്ടികൾക്കുമായി സൗജന്യമായി പ്രമേഹം, രക്ത സമ്മർദ്ദം, ഹീമോഗ്ലോബിൻ, ബോഡി മാസ് ഇൻഡക്സ് എന്നീ ടെസ്റ്റുകൾ നടത്തി.

ക്യാമ്പ് പെരിന്തൽമണ്ണ നഗരസഭ പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഉണ്ണികൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

ജീവിതശൈലീ നിയന്ത്രണ സ്ക്രീനിങ് ക്യാമ്പുകളിൽ എൻഎസ്എസ് വൊളണ്ടിയേഴ്സിന്റെ സേവനം ഉപയോഗിക്കുന്നതിലൂടെ കുട്ടികൾക്ക് ജീവിത ശൈലീരോഗങ്ങളെക്കുറിച്ച് ബോധവത്കരണം നൽകുക എന്നതാണ് 'ദൃഢഗാത്രം' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കുട്ടികളിലൂടെ കുടുംബങ്ങളിലേക്കും ജീവിത ശൈലീരോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം നൽകാൻ ഇതുവഴി സാധിക്കും.

എൻ എസ് എസ് പ്രോഗ്രാം ഓഫീസർ പി. റസ്മ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എൻ സെന്തിൽകുമാർ, ജെ പി എച്ച് എൻ ഫസീല, ആർ ബി എസ് കെ നഴ്സ് രജ്ല, ആശാ വർക്കർ ലീല, സി.ജി.സി.സി കോഡിനേറ്റർ കെ. റിയാസ്, വി. ഇസ്ഹാഖ്, ഫാത്തിമ ജാസ്മിൻ, വിൻസി സെബി, പിടിഎ പ്രസിഡന്റ് കിനാതിയിൽ സ്വാലിഹ്, പ്രിൻസിപ്പാൾ എം. പി രാജീവ് ബോസ് , വി. സി മുഹമ്മദ് നസീൽ എന്നിവർ ക്യാമ്പിൽ പങ്കെടുത്തു.

# ഈഡിസ് കൊതുകിനെതിരെ ക്ലിക്കടിച്ച് ആശമാർ

### ആവേശമായി ഏഴോം പഞ്ചായത്തിലെ ഫോട്ടോഗ്രഫി മത്സരം



**കണ്ണൂർ:** നാം അറിഞ്ഞും അറിയാതെയും കണ്ടും കാണാതെയും കൊതുക് വളരുന്ന ഒരുപാട് സാഹചര്യങ്ങൾ നമുക്കിടയിലുണ്ട്. എന്നാൽ നമ്മൾ അവ കൃത്യമായി വൃത്തിയാക്കാറുണ്ടോ? വെള്ളം കെട്ടിക്കിടന്ന് കൊതുക് മുട്ടയിട്ട് പെരുകുന്ന സാഹചര്യത്തേക്കുറിച്ചും അതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ കുറിച്ചും പലരും ബോധവാൻമാരല്ല എന്നതാണ് സത്യം. ഇക്കാര്യം പൊതുജനശ്രദ്ധയിലെത്തിക്കുന്നതിനായി വേറിട്ടൊരു ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിച്ചിരിക്കുകയാണ് ഏഴോം ഗ്രാമപഞ്ചായത്ത്.

ഏഴോം ഗ്രാമ പഞ്ചായത്തും ഏഴോം ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രവും ചേർന്ന് പഞ്ചായത്തിലെ ആശ പ്രവർത്തകർക്കായാണ് ഒരു മൊബൈൽ ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിച്ചത്. 'ഈഡിസ് കൊതുകിനെതിരെ ഒരൊറ്റ ക്ലിക്ക്'എന്നതായിരുന്നു ഫോട്ടോഗ്രഫി മത്സരത്തിന്റെ വിഷയം. ഒരു ക്ലിക്ക് ആയിരുന്നു ലക്ഷ്യമെങ്കിലും നിരവധി ഫോട്ടോകളാണ് മത്സരത്തിനായി എത്തിയത്. ക്യാമറയിൽ പകർത്തിയ ഫോട്ടോകളെ വെല്ലുന്ന ഫോട്ടോകളാണ് മൊബൈൽ ഫോണിൽ പലരും പകർത്തിയത്. ഇതോടൊപ്പം പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഡെങ്കിപ്പനി നിയന്ത്രണത്തിനായി ഉറവിട നശീകരണ പ്രവർത്തനവും ഊർജിതമായി സംഘടിപ്പിച്ചു.

അലക്ഷ്യമായി വലിച്ചെറിഞ്ഞ കുപ്പികൾ, ടയർ, വീപ്പകൾ എന്നുവേണ്ട ഓല, കമുകിൻ പാള, ചപ്പുചവറുകൾ എന്നിവയെല്ലാം ഒരൊറ്റ ക്ലിക്കിന്റെ ആവേശത്തിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ചേർന്ന് നീക്കം ചെയ്തു. ആഴ്ചയിലൊരുദിവസം ഡ്രൈഡേ ആചരിക്കേണ്ടതിന്റെ പ്രാധാന്യം ജനങ്ങളെ ഓർമ്മപ്പെടുത്താനും പരിപാടിയുലൂടെ സാധിച്ചു. ലഭിച്ച ചിത്രങ്ങൾ എല്ലാം ചേർത്ത് ഫോട്ടോ പ്രദർശനം നടത്തുകയാണ് അടുത്ത ഘട്ടമെന്ന് ബ്ലോക്ക് മെഡിക്കൽ ഓഫീസർ പറഞ്ഞു.



# പൊതു സ്വകാര്യ സ്ഥാപനങ്ങളിൽ മുലയൂട്ടൽ കേന്ദ്രവും ശിശുപരിപാലന കേന്ദ്രവും ഉറപ്പാക്കാൻ സർവേ: മന്ത്രി വീണാ ജോർജ്



**തിരുവനന്തപുരം**: 50ലധികം ജീവനക്കാർ ജോലിചെയ്യുന്ന മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലിടങ്ങളിൽ മുലയൂട്ടൽ കേന്ദ്രം, ശിശുപരിപാലന കേന്ദ്രം എന്നിവ നിലവിലുണ്ടോ എന്ന് കണ്ടെത്തുന്നതിന് വനിത ശിശുവികസന വകുപ്പ് സർവേ നടത്തുമെന്ന് ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. അവ ഇല്ലാത്തയിടങ്ങളിൽ മുലയൂട്ടൽ കേന്ദ്രം അടക്കമുള്ള ശിശുപരിപാലന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടത് തൊഴിലുടമകളുടെ ഉത്തരവാദിത്തമാണ് എന്നു സ്ഥാപന മേധാവിയെ ബോധ്യപ്പെടുത്തും. അവ ലഭ്യമാകേണ്ടത് ജീവനക്കാരുടെ അവകാശമാണ്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വകുപ്പിന്റെ ജില്ലാ, ബ്ലോക്ക്തല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വനിത ശിശുവികസന വകുപ്പ് സംഘടിപ്പിച്ച ലോക മുലയൂട്ടൽ വാരാചരണം, ഗവ. സെക്രട്ടറിയേറ്റിലെ നവീകരിച്ച മോഡൽ ക്രഷ്, പൂജപ്പുര വനിതാ ശിശു വികസന ഡയറക്ടറേറ്റ് കോംപ്ലെക്സിൽ സജ്ജീകരിച്ചിട്ടുള്ള ക്രഷ് എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിലെ തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഇനിയും വർധിക്കേണ്ടതുണ്ട്. കൂടുതൽ സ്ത്രീകളെ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും സ്ത്രീ സൗഹൃദ, സുരക്ഷിത തൊഴിലിടങ്ങൾ ഒരുക്കേണ്ടത് അത്യാവശ്യമാണ്. സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്ന വനിതകളിൽ ബഹുഭൂരിപക്ഷവും പ്രസവാനന്തരം ശിശുപരിപാലനത്തിനായി തൊഴിൽ ഉപേക്ഷിക്കേണ്ട സാഹചര്യം നിലവിലുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ പ്രധാന ഉപാധിയായ സാമ്പത്തിക സ്വയം പര്യാപ്തതയ്ക്ക് ഇത് ഒരു തടസമായി മാറാം. പൊതു സ്വകാര്യ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനു ലിംഗ സമത്വത്തിലൂന്നിയ പുതിയ തൊഴിൽ സംസ്ക്കാരം രൂപപ്പെടുത്തേണ്ടതുണ്ട്. 2017ലെ മെറ്റേണിറ്റിബെനിഫിറ്റ് (ഭേദഗതി) ആക്ട് പ്രകാരം 50ലധികം ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

വനിതാ ശിശു വികസന വകുപ്പ് മുഖേന 25 ക്രഷുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. അതിൽ 18 ക്രഷുകൾ പ്രവർത്തനം ആരംഭിച്ചു. ഇതിലേയ്ക്കായി ക്രഷ് ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ ആകെ 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയേറ്റിൽ സെക്രട്ടേറിയേറ്റ് വിമൻസ് വെൽഫയർ സൊസൈറ്റി & റിക്രിയേഷൻ ക്ലബ് മുഖേനെ നിലവിൽ പ്രവർത്തിക്കുന്ന ക്രഷിനെയാണ് മാതൃക ക്രഷ് ആയി നവീകരിച്ചത്. സംസ്ഥാന സർക്കാർവിഹിതമായ 2ലക്ഷംരൂപയ്ക്ക് പുറമേ എസ്.ബി.ഐ.യുടെ സി.എസ്.ആർ. ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ ഉൾപ്പെടെ 6 ലക്ഷം രൂപ വിനിയോഗിച്ചാണ് ഈ ക്രഷ് നവീകരിച്ച് പ്രവർത്തന സജ്ജമാക്കിയത്. കൂടാതെ ആർട്ട്കോയുടെസ്പോൺസർഷിപ്പിൽ മുലയൂട്ടൽ കേന്ദ്രം സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്.

വനിത ശിശുവികസന വകുപ്പ് ഡയറക്ടർ ജി. പ്രിയങ്ക അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടേറിയേറ്റ് വിമൻസ് വെൽഫയർ സൊസൈറ്റി&റിക്രിയേഷൻക്ലബ് ജനറൽ സെക്രട്ടറി രാജി ആർ. പിള്ള, പ്രസിഡന്റ് ബി. സജി, ട്രഷറർ എൽ. അശോക കുമാരി, എസ്.ബി.ഐ. ചീഫ് ജനറൽ മാനേജർ എ. ഭുവനേശ്വരി, ആർട്ട്കോ ചെയർമാൻ വി.എസ്. അനൂപ്, വനിത ശിശുവികസന വകുപ്പ് അഡീ. ഡയറക്ടർ ബിന്ദു ഗോപിനാഥ് എന്നിവർ സംസാരിച്ചു.

## മിഷൻ ഇന്ദ്രധനുഷ് 5.0 തീവ്രയജ്ഞം

# വിജയമായി കോഴിക്കോട്ടെ മൊബൈൽ ഐ.ഇ.സി ക്യാമ്പയിൻ



കോഴിക്കോട് : മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞത്തിന്റെ ഭാഗമായി മൊബൈൽ ഐ.ഇ.സി ക്യാമ്പയിന് തുടക്കം കുറിച്ച് കോഴിക്കോട്. ജില്ലയിലെ രോഗപ്രതിരോധ കുത്തിവെയ്പ് കുറഞ്ഞ മേഖലകളായ വളയം, കുറ്റ്യാടി, തിരുവള്ളൂർ, കൊടുവള്ളി, ചെറൂപ്പ, ചെറുവാടി എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് മൊബൈൽഐ.ഇ.സിക്യാമ്പയിൻ നടപ്പിലാക്കുന്നത്. കുത്തിവയ്പ്പെടുക്കാൻ വിമുഖത കാണിക്കുന്നവരുടെ ഗൃഹ സന്ദർശനം, പൊതുജനങ്ങൾക്കായി അവബോധം നൽകൽ, ആളുകളിൽ നേരിട്ടെത്തി മിഷൻ ഇന്ദ്രധനുഷിന്റെ പ്രചരണം നടത്തൽ, സംശയങ്ങൾ ദൂരീകരിക്കൽ, വാക്സിൻ എടുക്കാത്തതിന്റെ കാരണങ്ങൾ കണ്ടെത്തൽ എന്നിവയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യവകുപ്പിന്റേയും ദേശീയ ആരോഗ്യ ദൗത്യത്തിന്റേയും നേതൃത്വത്തിൽ മൊബൈൽ ഐ.ഇ.സി വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ജില്ലാ കളക്ടർ ശ്രീമതി.ഗീത. എ (ഐ.എ.എസ്) നിർവഹിച്ചു. ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ.സച്ചിൻ ബാബു, അസ്സിസ്റ്റന്റ് സർജൻ ഡോ.രഞ്ജിത്ത് (ആർ.സി.എച്ച് വിംഗ്), എം.സി.എച്ച് ഓഫീസർ ശ്രീമതി.പുഷ്പ, എൻ.എച്ച്.എം കൺസൾട്ടന്റ് (ഡി & സി) ശ്രീമതി.ദിവ്യ.സി, മലബാർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ പി.ജി വിദ്യാർത്ഥി ഡോ.അഫ്താബ് കാസിം, മെഡിക്കൽ കോളേജിലെ അപ്പോത്തിക്കിരി യൂണിറ്റിലെ വിദ്യാർത്ഥികളായ വർഷ.ടി.പി, അനുശ്രീ.ടി.കെ, ഐശ്വര്യ.കെ.അജി, ഫുവാദ് ആബിദ്, സുഹ സക്കറിയ, ഹരികൃഷ്ണൻ.വി.എം എന്നിവരാണ് മൊബൈൽ ഐ.ഇ.സി ക്യാമ്പയിൻ ടീമിലെ അംഗങ്ങൾ.

> ***"പനിയോ മറ്റ് ബുദ്ധിമുട്ടുകൾ കാരണമോ കുത്തിവയ്പ്പെടുക്കാൻ കഴിയാതെ പോയ ആളുകളും കുഞ്ഞുങ്ങൾക്ക് പനിവരുമോ എന്ന ഭയത്താൽ വാക്സിനേഷന് മടിച്ചവരും ഉണ്ടായിരുന്നു. എല്ലാവരെയും നേരിൽ കണ്ട് സംസാരിച്ച് ക്യാമ്പയിന്റെ ഭാഗമാക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്."*** **വർഷ ടി. പി. മൊബൈൽ ഐ. ഇ. സി ക്യാമ്പയിൻ അംഗം.**

# 'ബംബറടിക്കാൻ ലോട്ടറിയെടുക്കേണ്ട!' എങ്ങനെയെന്ന് പുറക്കാട് പ്രാഥമികാരോഗ്യ കേന്ദ്രം പറഞ്ഞുതരും



അമ്പലപ്പുഴ: വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചാൽ പുറക്കാട്ടുകാർക്ക് രണ്ടുണ്ട് കാര്യം. ഒന്ന് രോഗങ്ങളെ അകറ്റിനിർത്താം. രണ്ട് പുറക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ വക സർപ്രൈസ് സമ്മാനവും സ്വന്തമാക്കാം.

വൃത്തി ഒരു മത്സരവും ശീലവുമാക്കി മാറ്റുകയാണ് പുറക്കാട് പ്രാഥമികാരോഗ്യ കേന്ദ്രം. ഇതിന്റെ ഭാഗമായാണ് വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്ന വിട്ടുടമക്ക് സർപ്രൈസ് സമ്മാനം നൽകുന്ന പരിപാടിക്ക് തുടക്കമായത്.

മെഡിക്കൽ ഓഫീസറായി പുതുതായി ചുമതലയേറ്റ ഡോ: ഷിബു സുകുമാരന്റെ നേതൃത്വത്തിൽ ആശുപത്രി സ്ഥിതി ചെയ്യുന്ന 16-ാം വാർഡിലെ 120 ഓളം വീടുകൾ കേന്ദ്രീകരിച്ചാണ് പ്രത്യേക ക്യാമ്പയിൻ നടക്കുന്നത്. ആശാ പ്രവർത്തകയും ആരോഗ്യ പ്രവർത്തകരുമടങ്ങുന്ന രണ്ടംഗ സംഘമാണ് എല്ലാ വീടുകളിലും പരിശോധനക്കെത്തുന്നത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഒരു മാലിന്യവുമില്ലാതെ വീടും പരിസരവും ഏറ്റവും വൃത്തിയായി സൂക്ഷിച്ച അനന്തൻ പറമ്പിൽ ശ്രീദേവി ഷാജിക്കാണ് ഇത്തവണ ബംബർ സമ്മാനം അടിച്ചത്. വൃത്തിയിൽ ഒന്നാമതെത്തിയ ശ്രീദേവി ഷാജിക്ക് സർപ്രൈസ് സമ്മാനമായി മിക്സി ലഭിച്ചു.

പുറക്കാട് പ്രാഥമിക കേന്ദ്രത്തിന്റെ പരിധിയിലെ പലയിടങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ടു ചെയ്തിരുന്നു. ഈ സാഹചര്യത്തിലാണ് ഡെങ്കിപ്പനി പൂർണ്ണമായും അകറ്റിനിർത്തുന്നതിന്റെ ആദ്യ പടിയായി ഇത്തരം പരിശോധന നടത്തിയതെന്ന് ഡോ: ഷിബു സുകുമാരൻ പറഞ്ഞു. പരിസരം വൃത്തിയായി സൂക്ഷിച്ചാൽ ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് കൊതുകിനെ ഒഴിവാക്കാം. ഇനി മുൻകൂട്ടി അറിയിച്ച് വീടുകളിൽ പരിശോധന നടത്തും. തുടർ പരിശോധനകളിൽ വിജയികളാകുന്നവർക്ക് കൈനിറയെ ബമ്പർ സമ്മാനം ലഭിക്കുമെന്നും ഡോ. ഷിബു സുകുമാരൻ പറഞ്ഞു.

# കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആദ്യ കൺമണി പിറന്നു




കാഞ്ഞങ്ങാട്: ജില്ലയിലെ ആദ്യത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആദ്യ കൺമണി പിറന്നു. ബല്ല കടപ്പുറം സ്വദേശികളായ ഇബ്രാഹിം-ആയിഷ ദമ്പതികളുടെ കുഞ്ഞാണ് ആശുപത്രിയിലെ ആദ്യ കൺമണിയെന്ന ഖ്യാതിക്കുടമയായത്. 2023 മാർച്ച് 31 നാണ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി തുറന്ന് പ്രവർത്തനം ആരംഭിച്ചത്.

സംസ്ഥാന സർക്കാരിന്റെ 9.41 കോടിയുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത്. 3.33 കോടി രൂപ ഉപയോഗിച്ച് ആശുപത്രിയിൽ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുകയും 2.85 കോടി രൂപ ഉപയോഗിച്ച് മോഡുലാർ ഓപ്പറേഷൻ തീയറ്റർ, കേന്ദ്രീകൃത മെഡിക്കൽ ഗ്യാസ് സിസ്റ്റം എന്നിവ സജ്ജമാക്കുകയും ചെയ്തു.

മോഡുലാർഓപ്പറേഷൻ തീയറ്റർ ഉൾപ്പെടെ മൂന്ന് ഓപ്പറേഷൻ തീയറ്ററുകൾ, കേന്ദ്രീകൃത മെഡിക്കൽ ഗ്യാസ് സിസ്റ്റം, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, എസ് എൻ സി യു, ഐസിയു, 90 ബെഡ്ഡുകളോട് കൂടിയ ഐപി സൗകര്യം, ഒ പി വിഭാഗം, ഫാർമസി, ലാബ് എന്നിവ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

കാസറഗോഡിന്റെ ആരോഗ്യ രംഗം മെച്ചപ്പെടുത്തുന്നതിന് സർക്കാർ വലിയ പ്രധാന്യമാണ് നൽകുന്നത്. ഈ ആശുപത്രിക്കായി 12 പുതിയ തസ്തികകൾ ഈ കാലയളവിൽ സൃഷ്ടിച്ചു. അധിക തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്നു. ഇതുവരെ ജില്ലാശുപത്രിയിലും ജനറൽ ആശുപത്രിയിലും മാത്രമാണ് പ്രസവ ചികിത്സ നൽകിയിരുന്നത്. ഈ ആശുപത്രി ആരംഭിച്ചതോട് കൂടി ജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യത്തോട് കൂടിയുള്ള ചികിത്സ ഉറപ്പു വരുത്താൻ സാധിക്കും.

കൈകളുടെ ശുചിത്വത്തിനായി നമുക്കൊരുമിക്കാം
പ്രായഭേദമന്യേ കൈ കഴുകുന്നത് ശീലമാക്കാം

# കുട്ടികളോടൊപ്പം മാരിയില്ലാ മഴക്കാലം

## കൊതുക് ജന്യ രോഗ നിയന്ത്രണത്തിനായി ക്യാമ്പയിൻ



പാലക്കാട്: സാംക്രമികരോഗ നിയന്ത്രണത്തിനായി ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്നതിനും സ്കൂളുകളിൽ വിപുലമായ ബോധവൽക്കരണം നടത്തുന്നതിനുമായി ജില്ലയിൽ ക്യാമ്പയിൻ ആരംഭിച്ചു. ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 30 വരെ രണ്ടു മാസം നീണ്ടു നിൽക്കുന്ന പരിപാടികളാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതര വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കുന്ന ക്യാമ്പയിനിൽ 102 സ്കൂളുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിരിക്കുന്നത്. പരിപാടിയുടെ ആദ്യഘട്ടത്തിൽ സയൻസ് ക്ലബ് / ഹെൽത്ത് ക്ലബ്ബ് ചുമതലയുള്ള അധ്യാപകരുടെയും സ്കൂൾ ലീഡർമാരുടെയും സംയുക്ത യോഗം ആരോഗ്യപ്രവർത്തവരുടെയും തദ്ദേശസ്ഥാപന പ്രതിനിധികളുടെയും സാന്നിധ്യത്തിൽ വിളിച്ചുചേർത്ത് കാര്യങ്ങൾ വിശദീകരിക്കുകയും വിദ്യാർത്ഥികളുടെ പഠനസമയം നഷ്ടപ്പെടാത്ത രീതിയിൽ ഓരോ സ്കൂളിന്റെയും സാധ്യതകൾ അനുസരിച്ച് കൊതുകജന്യ രോഗ നിയന്ത്രണവും ഉറവിട നശീകരണവും മുൻനിർത്തിയുള്ള വിവിധ മത്സരങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു.

ഓരോ സ്കൂളിന്റെയും ചുമതല ബന്ധപ്പെട്ട പ്രദേശത്തെ ഒരു ആരോഗ്യ പ്രവർത്തകന് നൽകിയാണ് സ്കൂൾതല പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. വിപുലമായ പ്രവർത്തനങ്ങളും മത്സരങ്ങളും ഡോക്യുമെന്റേഷനും ക്യാമ്പയിൻ കാലയളവിൽ ഓരോ സ്കൂളുകളിലും നടക്കും. പരിപാടിയുടെ പ്രവർത്തനാരംഭ പ്രഖ്യാപനം സ്കൂളുകളിൽ നടന്നു. തുടർന്ന് ഓരോ സ്കൂൾ പരിധിയിലുമുള്ള ഉറവിട സാധ്യതാ പ്രദേശങ്ങളുടെ മാപ്പിങ്, അജൈവ മാലിന്യനിർമാർജന പ്രവർത്തനങ്ങൾ, ക്ലാസുകളിൽ കൊതുകുജന്യ രോഗങ്ങളുടെയും പ്രതിരോധ പ്രവർത്തനങ്ങളുടെയും ബോധവൽക്കരണം എന്നിവ ആരോഗ്യവകുപ്പുമായി ഏകോപിപ്പിച്ച് നടന്നുവരുന്നു.

> ഇതര വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കുന്ന ക്യാമ്പയിനിൽ 102 സ്കൂളുകളാണ് ഇതുവരെ രജിസ്റ്റർ ചെയ്തിരിക്കുന്നത്

കൊതു ജന്യ രോഗ നിയന്ത്രണം എന്ന വിഷയവുമായി ബന്ധപ്പെട്ട പോസ്റ്റർ ഡിസൈനിങ്, കൊളാഷ് മേക്കിങ്, നിമിഷ പ്രസംഗം, ഉപന്യാസ രചന, കാർട്ടൂൺ, മോണോ ആക്ട, ഷോർട്ട് വീഡിയോസ് തയ്യാറാക്കൽ തുടങ്ങിയ മത്സരങ്ങളും സ്കൂളുകളിൽ നടക്കുന്നുണ്ട്. ഇതിനു പുറമേ ചുവർ ചിത്രം, പോസ്റ്റർ പ്രദർശനം, സ്കൂൾതല പ്രദർശനങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ, ചുവർ വാർത്ത പത്രിക തുടങ്ങിയവ ഓരോ സ്കൂളുകളുടെയും സാധ്യതകൾ അനുസരിച്ച് നടത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ക്യാമ്പയിന്റെ അവസാനം ഉറവിട നശീകരണത്തിൽ ഓരോ സ്കൂളുകളും നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ടും ഫോട്ടോകളും അതുമായിബന്ധപ്പെട്ട പത്രവാർത്തകളും അടങ്ങുന്ന സമഗ്രമായ ഡോക്യുമെന്റേഷൻ വിലയിരുത്തിയാണ് വിജയികളെ തിരഞ്ഞെടുക്കുന്നത്. ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടുന്ന സ്കൂളുകൾക്ക് ക്യാഷ് അവാർഡും മെമെന്റോയും സർട്ടിഫിക്കറ്റും പങ്കെടുക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും പങ്കാളിത്ത സർട്ടിഫിക്കറ്റും ഇതിന്റെ ഭാഗമായി വിതരണം ചെയ്യുന്നുണ്ട്. ജില്ലയിൽ മഴയുടെ ഇടവേളയിൽ ചില പ്രത്യേക മേഖലകളിൽ ഡെങ്കിപ്പനി കേസുകൾ കുത്തനെ കൂടുന്ന സാഹചര്യത്തിൽ ഉറവിട നശീകരണത്തിലും സാംക്രമിക രോഗപ്രതിരോധത്തിലും എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടവും ആരോഗ്യ വകുപ്പും നടപ്പാക്കി വരുന്നുണ്ട്.

### ബോധവത്കരണം ഫലം കണ്ടു

# ബിൻസിറത്തും ആഷിക്കും ഇനി വാക്സിനേഷനെ ഭയക്കില്ല



തൃശ്ശൂർ: കടപ്പുറം ഗ്രാമപഞ്ചായത്ത് നിവാസികളാണ് ബിൻസിറത്തും ആഷിക്കും. അവർക്ക് 4 ആൺകുഞ്ഞുങ്ങളാണ്. കടിഞ്ഞൂൽ ആൺകുട്ടിക്ക് ബി.സി.ജി.വാക്സിനേഷനു ശേഷം പെന്റാ1 വാക്സിനേഷൻ നൽകിയിരുന്നു. എന്നാൽ ജനിക്കുമ്പോൾ തന്നെ തൂക്കക്കുറവും അതിനോടനുബന്ധിച്ച് ആരോഗ്യപ്രശ്നങ്ങളും ഉണ്ടായിരുന്നതു മൂലം കുഞ്ഞിനെ അവർക്ക് നഷ്ടപ്പെട്ടു. ഇതോടെ പ്രതിരോധ കുത്തിവയ്പുകളെ ഭയത്തോടെ കാണാൻ തുടങ്ങിയ ദമ്പതികൾ പിന്നീട് ഉണ്ടായ മൂന്ന് കുഞ്ഞുങ്ങൾക്കും ബി.സി.ജി. വാക്സിനേഷൻ മാത്രം നൽകുകയും മറ്റ പ്രതിരോധ കുത്തിവയ്പുകൾ എടുക്കാതിരിക്കുകയും ചെയ്തു.

ആരോഗ്യകേന്ദ്രത്തിൽ നിന്നും ആശാ, ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ. എന്നിവർ പല തവണ സമീപിച്ചെങ്കിലും അവരുടെ തീരുമാനത്തിൽ അവർ ഉറച്ചു നിന്നു. മിഷൻ ഇന്ദ്രധനുഷ് തീവ്രയജ്ഞം 5.0 ന് തുടങ്ങുന്നതിന് മുൻപ് നടന്ന സർവ്വേക്ക് ശേഷം ആരോഗ്യപ്രവർത്തകർ വീട് സന്ദർശിക്കുകയും സംസാരിക്കുകയും ചെയ്തെങ്കിലും തീരുമാനത്തിൽ നിന്ന് പിൻമാറാൻ അവർ തയ്യാറായില്ല.

ഇതോടെ ദമ്പതികളെ കൃത്യമായി ബോധവത്കരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ ആരോഗ്യവകുപ്പ്, മതനേതാക്കൾ,വാർഡ് മെമ്പർ,ഡോക്ടർമാർ, ഫീൽഡ് സ്റ്റാഫ് തുടങ്ങിയ ഒരു ടീമിനെ തന്നെ ബിൻസിറത്തിനെയും ആഷിഫിനെയും നേരിട്ട് കണ്ട് സംസാരിക്കാൻ വേണ്ടി സജ്ജരാക്കി. ടീം ദമ്പതികളെ കാണുകയും അവരുടെ മുഴുവൻ സംശയങ്ങളും ദൂരീകരിക്കുകയും ചെയ്തു. വാക്സിനേഷൻ കുഞ്ഞിന്റെ ജന്മാവകാശമാണെന്നും അത് അസുഖങ്ങൾക്കെതിരെയുള്ള പ്രതിരോധമാണെന്നും എടുക്കാതിരുന്നാൽ അസുഖങ്ങൾ പിടിപെടാനുള്ള സാധ്യത കൂടുതലാണെന്നും കൃത്യമായ വസ്തുതകൾ വച്ച് മനസ്സിലാക്കി കൊടുത്തു.

ശക്തമായ ബോധവത്കരണത്തിലൂടെ കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവയ്പുകൾ നൽകേണ്ടത് അവരുടെ സുരക്ഷക്ക് അത്യന്താപേക്ഷിതമാണെന്നും അത് മാതാപിതാക്കളുടെ ഉത്തരവാദിത്തമാണെന്നും ബിൻസിറത്തും ആഷിക്കും തിരിച്ചറിയുകയും 10/08/2023ന് കടപ്പുറം കുടുംബാരോഗ്യകേന്ദ്രത്തിലെത്തി 7,5,3 എന്നീ വയസ്സുകളിലുള്ള കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവയ്പുകൾ എടുക്കുകയും ചെയ്തു. കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവയ്പുകൾ എടുക്കാതെ മാറി നിൽക്കുകയോ വിട്ടു പോവുകയോ ചെയ്തവർക്ക് മാതൃകയാവുകയാണ് ബിൻസിറത്തും ആഷിക്കും. ഇതുപോലെയുള്ള 17 കുഞ്ഞുങ്ങളുടെ കഥ പറയാനുണ്ട് കടപ്പുറത്തിന്. 17 കുഞ്ഞുങ്ങൾക്കും പ്രതിരോധ കുത്തിവയ്പുകളുടെ സുരക്ഷയേകാൻ പ്രചോദനമായതിന്റെ ചാരിതാർത്ഥ്യത്തിൽ കടപ്പുറം ടീം അവരുടെ പരിശ്രമങ്ങൾ തുടരുന്നു.

# 'പുക ഇല്ല' ക്യാമ്പയിൻ ബിഗ് ഇംപാക്ട്

## കാപ്പിക്കുന്നിന് പിറകെ മണൽവയൽ കോളനിയും പുകവലിയോട് നോ പറഞ്ഞു




കൽപ്പറ്റ: വയനാടിനെ ഘട്ടം ഘട്ടമായി പുകയില മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പുക ഇല്ല' ക്യാമ്പയിൻ രണ്ടാം ഘട്ടവും വൻ വിജയം. രണ്ടാം ഘട്ടത്തിലെ ഊർജിത ക്യാമ്പയിനിലൂടെ എടവക പഞ്ചായത്തിലെ മണൽവയൽ കോളനിയും പുകവലിരഹിത കോളനിയായി പ്രഖ്യാപിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി മണൽവയൽ കോളനിയിൽ പുകവലിക്കാരായി അവശേഷിച്ച രണ്ടുപേരും പുകവലി ഉപേക്ഷിച്ചതോടെയാണ് മണൽവയൽ കോളനി സമ്പൂർണ പുകവലി രഹിത കോളനിയായി മാറിയത്.ജില്ലാ കളക്ടർ ഡോ. രേണു രാജ് പുകയില രഹിത മണൽവയൽ കോളനി പ്രഖ്യാപനം നടത്തി. ക്യാമ്പയിന് നേതൃത്വം നൽകിയ ഊര് മൂപ്പൻമാരെ കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ആദരിച്ചു. 'പുക ഇല്ല' ക്യാമ്പയിൻ മത്സരബുദ്ധിയോടെ കാണണമെന്നും ജില്ലയിലെ എല്ലാ കോളനികളും വേഗത്തിൽ പുകയില രഹിതമാകണമെന്നും ജില്ലാ കളക്ടർ പറഞ്ഞു. ക്യാമ്പയിന്റെ ആദ്യ ഘട്ടത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ കാപ്പിക്കുന്ന് കോളനി പുകവലി രഹിതമായി പ്രഖ്യാപിച്ചിരുന്നു

'പുക ഇല്ല' ക്യാമ്പയിനിന്റെ ഭാഗമായി കളക്ടറേറ്റിലെ എ.പി.ജെ ഹാളിൽ ജില്ലയിലെ ഊരു മൂപ്പൻമാർക്കായി ശിൽപശാല നടത്തി. ഊരുകളിലെ പ്രശ്നങ്ങൾ മൂപ്പൻമാർ ജില്ലാ കളക്ടറുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തി. പുകയിലയും അർബുദവും, കുഷ്ഠരോഗ നിർമാർജനം, 'പുക ഇല്ല' ക്യാമ്പയിൻ കോളനികളിൽ, മാതൃ ശിശു സംരക്ഷണം കോളനികളിൽ, ജനകീയ ആരോഗ്യകേന്ദ്രം, ക്ഷയരോഗം കോളനികളിൽ എന്നീ വിഷയങ്ങളിൽ ഡെപ്യൂട്ടി ഡി.എം.ഒ മാരായ ഡോ. പ്രിയ സേനൻ, ഡോ. സാവൻ സാറാ മാത്യു, ടെക്നിക്കൽ അസിസ്റ്റന്റ് കെ.എം ഷാജി, പുൽപ്പള്ളി പി.എച്ച്.സി പബ്ലിക് ഹെൽത്ത് നേഴ്സ് ടൈനി ജോൺ, ജില്ലാ ആർദ്രം നോഡൽ ഓഫീസർ ഡോ.പി.എസ് സുഷമ, ബത്തേരി താലൂക്ക് ആശുപത്രി സീനിയർ ടി.ബി ട്രീറ്റ്മെന്റ് സൂപ്പർവൈസർ വിജയനാഥ് എന്നിവർ ക്ലാസെടുത്തു. ചീക്കല്ലൂർ കോളനിയിലെ വാസുദേവൻ പണിയ ഭാഷയിൽ എഴുതിയ പുസ്തകം ജില്ലാ കളക്ടർ ഡോ. രേണു രാജ് പ്രകാശനം ചെയ്തു

